**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 570** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ തനത് ഭക്ഷ്യ വിളകൾ ശേഖരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതി വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാ ബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി ODOP (One District One Product) നയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ കണ്ടെത്തിയിട്ടുള്ള ഉല്പന്നത്തിന്റെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിൽ പ്രവർത്തിക്കുന്ന മറ്റു ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു. കൂടാതെ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന, ഉൽപ്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് മേൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS) യിൽ ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ സബ്സിഡി ഉൾപ്പെടെ പരമാവധി 30 ലക്ഷം രൂപ വരെ നൽകി വരുന്നു. |
| (ബി) | ഇത്തരത്തിൽ പുതുതായി ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് വ്യവസായ വകുപ്പിന്റെ എന്തൊക്കെ സഹായങ്ങളാണ് ലഭിക്കുക എന്നത് വിശദമാക്കാമോ; | (ബി) | PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതി വഴി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കും പ്രൊഡ്യൂസർ കോ-ഓപ്പറേറ്റീവുകൾക്കും യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി വിഹിതത്തിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ്ഗ്രാന്റ്, പരിശീലനത്തിനുള്ള പിന്തുണ മുതലായ സഹായങ്ങൾ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതി വഴി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കും പ്രൊഡ്യൂസർ കോ-ഓപ്പറേറ്റീവുകൾക്കും ആനുകൂല്യം ലഭിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ ബാധകമാണ് പ്രസ്തുത സ്ഥാപനം ജില്ലയുടെ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട് ഉല്പ്പന്നതിൽ അധിഷ്ഠിതം ആകണം വിറ്റുവരവ് 1 കോടി രൂപയിൽ അധികം ആയിരിക്കണം പദ്ധതി ചെലവ് നിലവിലെ വിറ്റുവരവ് അധികരിക്കാൻ പാടുള്ളതല്ല പ്രസ്തുത ഉല്പ്പന്നവുമായി ബന്ധപ്പെട്ട് കുറഞ്ഞത് മൂന്ന് വർഷമെങ്കിലും അനുഭവജ്ഞാനം ഉള്ളവർ ആയിരിക്കണം സംഘത്തിലെ അംഗങ്ങൾ പദ്ധതി ചെലവിന്റെ 10% വും പ്രവർത്തന മൂലധനത്തിന്റെ മാർജിൻ മണിയും കണ്ടെത്താൻ സംഘം പ്രാപ്തരായിരിക്കണം. |

സെക്ഷൻ ഓഫീസർ